➩ ആവശ്യമെങ്കിൽ തുണിയിലുള്ള പരസ്യങ്ങൾ ഔചിത്യത്തോടെ പ്രോത്സാഹിപ്പിക്കുക ➩

ഫ്ളക്സ് ബോർഡുകളുടെ അതിപ്രസരത്താൽ വീർപ്പുമുട്ടുകയാണ് കേരളം. സ്വകാര്യ പരസ്യങ്ങളും സർക്കാർ അറിയിപ്പുകളും മുതൽ പ്രാദേശിക പരിപാടികൾ പോലും പൂർണ്ണമായും ഫ്ളക്സ് ബോർഡുകളിലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. തെരഞ്ഞെടുപ്പും ഉടനെത്തിയ ഫുട്ബോൾ ലോകകപ്പും ഫ്ളക്സ് മയം. പല കോണുകളിൽ നിന്നും പ്ലാസ്റ്റിക്-ഫ്ളക്സിനെതിരെ പ്രതിഷേധങ്ങളുയരുന്നുണ്ട്. എന്നാൽ സർക്കാറിന്റെ ഭാഗത്ത് നിന്നും നടപടികളൊന്നുമുണ്ടാകുന്നില്ല. ആ സാഹചര്യത്തിലാണ് ഗ്രീൻ കേരള, ക്ലീൻ കേരള കാമ്പയിനിന്റെ ഭാഗമായി എഴുത്തുകാരും പൊതുപ്രവർത്തകരും ചേർന്ന് മുഖ്യമന്ത്രിക്ക് ഒരു പരാതി അയയ്ച്ചത്. പരാതിയുടെ പ്രസക്തഭാഗങ്ങൾ.

# ഫ്ളക്സ് ബോർഡുകൾ നിരോധിക്കണം

**ഏറ്റവും** കുറഞ്ഞത് ഏകദേശം 150 കോടി രൂപയോളം ചെലവാണ് പ്ലാസ്റ്റിക് ഫ്ളക്സ് ബോർഡുകൾക്കായി വർഷം തോറും സംസ്ഥാനത്ത് ചെലവഴിക്കപ്പെടുന്നത്. കൊച്ചി, തിരുവനന്തപുരം തുടങ്ങി പ്രമുഖനഗരങ്ങളിലെല്ലാം സ്ഥാപിക്കപ്പെട്ടിട്ടുള്ള പരസ്യബോർഡുകളും ഫ്ളക്സുകളും നിലവിലുള്ള ഹൈക്കോടതി നിയമത്തിന്റെ പ്രത്യക്ഷമായ ലംഘനമാണ്. ഈ നിയമലംഘനത്തിനെതിരെ തക്കതായ നടപടികളെടുക്കണം. സർക്കാർ പരിപാടികൾക്കും പരസ്യങ്ങൾക്കും ഫ്ളക്സും പ്ലാസ്റ്റിക് ബോർഡുകളും കർശനമായി നിരോധിക്കണം. നികുതിദായകരുടെ പണം ചില മന്ത്രിമാരുടെ പേരിനും പ്രശസ്തിക്കുമായി ഉപയോഗപ്പെടുത്തുന്നത് ഒരു ജനാധിപത്യഭരണരീതിക്ക് ചേർന്നതല്ല. താങ്കൾ കഴിഞ്ഞ 55 വർഷത്തിലേറെയായി രാഷ്ട്രീയത്തിലുണ്ട്. പരസ്യബോർഡുകളില്ലാതെ തന്നെയാണ് നിങ്ങളെ ഓരോ ഇലക്ഷനിലും ജനങ്ങൾ തെരഞ്ഞെടുത്തത്. പരസ്യത്തിലൂടെ മുഖം ജനങ്ങൾക്ക് പരിചിതമാക്കേണ്ട കാര്യമൊന്നും നിങ്ങൾക്കില്ല. എന്നിട്ടും കയർ ബോർഡിന്റെ പ്രദർശനവുമായി ബന്ധപ്പെട്ട് എം.സി റോഡിൽ ഏകദേശം രണ്ട് കിലോമീറ്ററോളം നീളംവരുന്ന താങ്കളുടെയും മന്ത്രിമാരുടെയും പരസ്യബോർഡ് ഒരുകാര്യവുമില്ലാതെ നിൽപ്പുണ്ട്. അപകടകാരിയായ ഈ ബോർഡുകൾക്കായി ചെലവഴിക്കുന്ന തുക വൃത്തിയും പച്ചപ്പുമുള്ള ഒരു കേരളത്തിനായി ചെലവഴിച്ചുകൂടേ?

**എന്തുകൊണ്ട് നിരോധിക്കണം**

1. ജനങ്ങളുടെ പണമുപയോഗിച്ച് തങ്ങളുടെ യഥാർത്ഥ രൂപത്തേക്കാൾ വലിപ്പമുള്ള പരസ്യബോർഡുകൾ അച്ചടിക്കുന്നതിന് യാതൊരു സാമൂഹ്യ-സാമ്പത്തിക-രാഷ്ട്രീയപ്രാധാന്യവുമില്ല. ഓരോ വർഷവും ബഡ്ജറ്റിൽ വകയിരുത്തുന്ന കോടിക്കണക്കിന് പണം സർക്കാർ എങ്ങനെ വിനിയോഗിക്കുന്നുവെന്നതിനെക്കുറിച്ചും ഓരോ പൈസയും സമൂഹത്തിന്റെ ഗുണനിലവാരമുയർത്തുന്നതിനും സമൂഹപുരോഗതിക്കുമായി എങ്ങനെ വിനിയോഗിക്കുന്നുവെന്നതിനെക്കുറിച്ചും പൊതുജനങ്ങൾക്ക് ആശങ്കയുണ്ട്.
2. ഓരോ പ്രാവശ്യവും ഉപയോഗിക്കപ്പെടുന്ന ടൺ കണക്കിന് പ്ലാസ്റ്റിക്ക് സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ വളരെ വലുതാണ്.
3. ട്രാഫിക് ജംഗ്ഷനിലും മറ്റും സ്ഥാപിച്ചിട്ടുള്ള ബോർഡുകൾ ഡ്രൈവർമാരുടെ ശ്രദ്ധയകറ്റുന്നതും അപകടങ്ങളുണ്ടാക്കാനിടയാക്കുന്നവയുമാണ്.
4. ഫ്ളക്സ് ബോർഡുകൾ മിക്കവാറും നടപ്പാതകളിൽ സ്ഥാപിച്ചിരിക്കുന്നതിനാൽ ആളുകളുടെ സഞ്ചാരസ്വാതന്ത്ര്യത്തെ അത് തടസ്സപ്പെടുത്തുന്നുണ്ട്.
5. പരസ്യമെഴുതുകയും വരയ്ക്കുകയും ചെയ്യുന്ന കലാകാരന്മാരായ ആയിരക്കണക്കിന് തൊഴിലാളികളുടെ ജോലി ഫ്ളക്സുകൾ ഇല്ലാതാക്കിയിട്ടുണ്ട്.
7. തുണിയിലെഴുതുന്നത് ഇല്ലാതായത് കൈത്തറി മേഖലയെയും ബാധിച്ചിട്ടുണ്ട്.

**നടപ്പിലാക്കേണ്ട കാര്യങ്ങൾ**

1. സർക്കാർ സെമിനാർ/വർക്ക്ഷോപ്പ് എന്നിവയ്ക്ക് പ്ലാസ്റ്റിക് പരസ്യബോർഡുകൾ നിരോധിക്കുക. നേതാക്കളുടെ വലിപ്പത്തേക്കാൾ കൂടുതലുള്ള ബോർഡുകൾ സ്ഥാപിക്കുന്ന പ്രവണത നിർത്തലാക്കുക.
2. കേരളത്തിൽ പ്ലാസ്റ്റിക് /ഫ്ളക്സ് ബോർഡുകൾ നിരോധിക്കുക. സർക്കാർ പരസ്യങ്ങൾക്ക് ആവശ്യമില്ലാത്ത പ്രാധാന്യം നൽകരുത്. ആവശ്യമെങ്കിൽ തുണിയിലുള്ള പരസ്യങ്ങൾ ഔചിത്യത്തോടെ പ്രോത്സാഹിപ്പിക്കുക.
3. പരസ്യങ്ങൾ സ്ഥാപിക്കാൻ കഴിയുന്ന സ്ഥലങ്ങൾ ഏതൊക്കെയെന്ന് ആദ്യമേ അറിയിപ്പ് നൽകുക. അത്തരം സ്ഥലങ്ങൾ ഉപയോഗിക്കുന്നവർ നിശ്ചിത നികുതി അതാത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് നൽകുക.
4. ഇക്കാര്യത്തിൽ തീരുമാനങ്ങളെടുക്കാനും ഏകാഭിപ്രായം രൂപീകരിക്കാനുമായി എല്ലാ രാഷ്ട്രീയപ്പാർട്ടികളുടെയും സാമൂഹ്യ-സാമുദായിക സംഘടനകളുടെയും യോഗം വിളിച്ചുകൂട്ടുക.
5. ക്യാബിനറ്റിൽ തീരുമനമെടുത്ത് പ്ലാസ്റ്റിക് പരസ്യബോർഡുകൾ നിരോധിക്കുകയും പൊതുജനങ്ങളുടെ പണം ഫ്ളക്സ് ബോർഡുകൾക്കായി അനാവശ്യമായി ഉപയോഗിക്കുന്നത് തടയുകയും ചെയ്യുക.

**ബി.ആർ.പി. ഭാസ്ക്കർ, സക്കറിയ, ഡോ.ബി. ഇക്ബാൽ, കെ.ആർ. മീര, സി.എസ്. വെങ്കിടേശ്വരൻ, ഡോ. കെ.എം. സീതി...**